**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4327** | **18-03-2025 - ൽ മറുപടിയ്ക്ക്**

**ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് നടത്തിവരുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്നും ആയതിന്റെ ഘടന ഏത് രീതിയിലാണെന്നും വിശദമാക്കാമോ; | (എ) | ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (BPE) പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പൊതുവായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒരു ഡയറക്ടറേറ്റാണ്. വിവിധ ഭരണ വകുപ്പുകൾക്ക് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഷയങ്ങൾ സംബന്ധിച്ച് ഭരണ വകുപ്പുകൾക്ക് അഭിപ്രായങ്ങൾ നൽകുന്ന ഒരു ഉപദേശക വിഭാഗമായിട്ടാണ് ബിപിഇ- പ്രധാനമായും പ്രവർത്തിക്കുന്നത്<br><br>താഴെപ്പറയുന്ന പ്രവർത്തനങ്ങളിലാണ് BPE പ്രധാനമായും ഭരണ വകുപ്പുകൾക്ക് അഭിപ്രായം നൽകുന്നത്:<br><br>(1) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പുതിയ നിക്ഷേപ പ്രപ്പോസലുകൾ സൂക്ഷ്മമായി പരിശോധിക്കുകയും ഭരണ വകുപ്പിന് ഉചിതമായ ശുപാർശകൾ നൽകുകയും ചെയ്യുക.<br><br>(2) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ മുഖേന നൽകുന്ന ബജറ്റ് ഫണ്ടുകളുടെയും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളുടെയും വിതരണം.<br><br>(3) വൈവിധ്യവൽക്കരണം, ലയനം, ലിക്വിഡേഷൻ എന്നിവയുൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പുനഃസംഘടന.<br><br>(4) നോമിനി നിയമനം—ഡയറക്ടർമാർ<br><br>(5) ഉത്പാദനം, ധനകാര്യം, മാർക്കറ്റിംഗ്, വ്യക്തികൾ മുതലായവയുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പ്രശ്നങ്ങൾ ഏറ്റെടുക്കൽ |

(6) പൊതുമേഖലാ സ്ഥാപനങ്ങളിലെ വേതനം, ബോണസ് സെറ്റിൽമെന്റുകൾ മുതലായവ ഉൾപ്പെടെയുള്ള ജീവനക്കാരുടെ നിയമനവും മാനേജ്മെന്റും.

(7) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം നിരീക്ഷിക്കുകയും തിരുത്തൽ നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക.

(8) ഓഹരി വിറ്റഴിക്കലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ഭരണ വകുപ്പിനെ ഉപദേശിക്കുക.

(9) സർക്കാർ കാലാകാലങ്ങളിൽ BPE-യെ ഏൽപ്പിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ നിർവഹിക്കുക.

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ മേൽനോട്ടത്തിൽ പബ്ലിക് എന്റർപ്രൈസസ് ബോർഡ് (PEB) യോഗം ചേർന്ന് വിവിധ പൊതുമേഖലാസ്ഥാപനങ്ങളുടെ മേൽ പരാമർശിച്ച പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നു: ചീഫ് സെക്രട്ടറി ചെയർമാനായും ധനകാര്യ വകുപ്പ്, വ്യവസായ വകുപ്പ്, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർ മെമ്പർ സെക്രട്ടറിയായുമാണ് PEB പ്രവർത്തിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക സാമ്പത്തിക, പ്രവർത്തന പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ, ആസൂത്രണ സാമ്പത്തിക കാര്യ (ബിപിഇ) വകുപ്പ് വർഷം തോറും "A Review of Public Enterprises in Kerala” എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ട്, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഒരു അവലോകനം നൽകുന്നു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള പ്രകടനങ്ങൾ വിശകലനം ചെയ്യുന്നതിനു പുറമേ, ഓരോ സംരംഭത്തിന്റെയും ലക്ഷ്യങ്ങളെക്കുറിച്ചും തൊഴിൽ, ഫിസിക്കൽ പെർഫോമൻസ് എന്നിവയെ സംബന്ധിച്ചും റിപ്പോർട്ട് വിശദീകരിക്കുന്നു.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെ മിഡിൽ ലെവൽ എക്സിക്യൂട്ടീവുകൾക്കും വേണ്ടി ബി.പി.ഇ വാർഷിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വാർഷിക

| | | | |
|---|---|---|---|
| | | | പ്രാതിനിധ്യം അവലോകനം ചെയ്യാനും തുടർനടപടിക്കായി പ്രസ്തുത അവലോകന റിപ്പോർട്ട് ഭരണ വകുപ്പിന് കൈമാറുന്നതിനും ബി.പി.ഇ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2023 വരെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വാർഷിക പ്രാതിനിധ്യം അവലോകന റിപ്പോർട്ട് ബി.പി.ഇ.- വകുപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പളം/വേതന പരിഷ്കരണ നടപടികൾക്ക് പൊതുവായ ഒരു ചട്ടക്കൂട് രൂപീകരിക്കുന്നതിനും, അവരുടെ പ്രകടനമനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ തരംതിരിക്കുന്നതിനും, ഓരോ പൊതുമേഖലാ സ്ഥാപനത്തിലും നിയമിക്കപ്പെടുന്ന മാനേജിംഗ് ഡയറക്ടർമാരുടെയും സി.ഇ.ഒ.- മാരുടെയും ശമ്പള വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുമായി ജി.ഒ (പി) നമ്പർ. 131/2022/ ധന തീയതി 29-10-2022 പ്രകാരം, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വർഗ്ഗീകരണവും തരംതിരിക്കലും നടത്തുന്നതിനായി ബി.പി.ഇ. വകുപ്പിനെ ചുമതലപ്പെടുത്തുകയും നിലവിൽ 45 പൊതുമേഖലാ സ്ഥാപനങ്ങളുടെ വർഗീകരണം പൂർത്തിയാക്കുകയും ചെയ്തു.<br><br>ബി.പി.ഇ. യുടെ നിലവിലെ ഘടന താഴെ പറയും പ്രകാരമാണ്.<br><br>ഡയറക്ടർ - തലവൻ (സർക്കാർ/ പൊതുമേഖലാ സ്ഥാപനത്തിലെ ഉന്നത ഉദ്യോഗസ്ഥൻ ഡപ്യൂട്ടേഷൻ/ കരാർ നിയമനം)<br><br>അണ്ടർ സെക്രട്ടറി - 1 (സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥൻ)<br><br>സെക്ഷൻ ഓഫീസർ - 1 (സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥൻ)<br><br>അസിസ്റ്റന്റ് - 3 (സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർ)<br><br>കമ്പ്യൂട്ടർ അസിസ്റ്റന്റ് - 1 (സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥൻ)<br><br>ഓഫീസ് അറ്റൻഡന്റ് - 2 (സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർ) |
| (ബി) | സർക്കാരിന് ശിപാർശ നൽകുന്നതിനല്ലാതെ സ്വന്തം നിലയിൽ നടപടികളെടുക്കാൻ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന് അധികാരമുണ്ടോ; വിശദമാക്കാമോ? | (ബി) | ഇല്ല. പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പൊതുവായ വിഷയങ്ങളിൽ ഭരണ വകുപ്പുകൾക്ക് ശിപാർശ നൽകുന്നത് കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമായ പൊതു നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവുകളായും |

| | | | |
|---|---|---|---|
| | | | പരിപത്രങ്ങളായും ബി.പി.ഇ. വകുപ്പ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം ബി.പി.ഇ. വകുപ്പ് പുറപ്പെടുവിക്കുന്ന ശിപാർശകളും നിർദ്ദേശങ്ങളും നടപ്പിലാക്കേണ്ട ചുമതല അതാത് ഭരണ വകുപ്പുകൾക്കാണ്. |

സെക്ഷൻ ഓഫീസർ